# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2414 19.06.2013 - ൽ മറുപടിക്ക്

## കുടിവെള്ള വിതരണത്തിനായി ചെറുകിട ശുദ്ധജല പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.റ്റി.ജോർജ്<br>ശ്രീ. റ്റി. എൻ.പ്രതാപൻ<br>ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. ഷാഫി പറമ്പിൽ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കുടിവെള്ള വിതരണത്തിനായി ചെറുകിട ശുദ്ധജല പദ്ധതികൾ കമ്മീഷൻ ചെയ്യുന്നതിന് നടപടികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) ത്വരിത ഗ്രാമീണ ശുദ്ധജലപദ്ധതിയിൽ ഉൾപ്പെടുത്തി 2012-13 കാലയളവിൽ 29 എൻ.സി/പി.സി (ചെറുകിട) പദ്ധതികൾ പൂർത്തീകരിച്ചു. ബാക്കി പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. സംസ്ഥാനത്ത് കുടിവെള്ള വിതരണത്തിനായി ചെറുകിട ശുദ്ധജലപദ്ധതികൾ ഇപ്പോൾ കേരള വാട്ടർ അതോറിറ്റി ഏറ്റെടുക്കുന്നില്ല. എന്നാൽ 2013-14 ൽ വരൾച്ച ദുരിതാശ്വാസ പദ്ധതിയിലുൾപ്പെടുത്തി 30 ചെറുകിട പദ്ധതികൾക്ക് അംഗീകാരം നൽകി. ഇവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ എൻ.ആർ.ഡി.ഡബ്ല്യൂ.പി. യിലുൾപ്പെട്ട മഴവെള്ള സംഭരണ പദ്ധതിയായ 'വർഷ പദ്ധതി' എൻ.ജി.ഒ മുഖാന്തിരം കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്നു. കൂടാതെ 1022 കോടി രൂപ അടങ്കലിൽ കേരളത്തിലെ ഇരുന്നൂറോളം ഗ്രാമപഞ്ചായത്തുകളിലെ ഉദ്ദേശം 11.50 ലക്ഷം ജനങ്ങൾക്ക് കുടിവെള്ളവും, 7 ലക്ഷത്തോളം ആളുകൾക്ക് ശുചിത്വ സംവിധാനവും ലഭ്യമാക്കുന്ന ലോക ബാങ്ക് സഹായത്തോടെയുള്ള രണ്ടാം ഘട്ട കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതിക്ക് (ജലനിധി - II) 2011 ഡിസംബർ മാസത്തിൽ ലോക ബാങ്ക് അംഗീകാരം നൽകുകയുണ്ടായി. |

ഭൂജല വകുപ്പ് സംസ്ഥാനത്ത് കുടിവെള്ള വിതരണത്തിനായി രാജീവ് ഗാന്ധി കുടിവെള്ള വിതരണ പദ്ധതിയിലും, വരൾച്ചാ ദുരിതാശ്വാസത്തിലും ഉൾപ്പെടുത്തി കുഴൽ കിണർ ഉപയോഗിച്ചുള്ള ചെറുകിട കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്

(ബി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) കെ.ആർ.ഡബ്ല്യു.എസ്.എ. ജലനിധി മുതലായ സ്ഥാപനങ്ങളാണ് ഇതു നടപ്പാക്കുന്നത്.
ലോക ബാങ്ക് സഹായത്തോടെ കേരള സർക്കാർ നടപ്പിലാക്കുന്ന ജലനിധി പദ്ധതിയുടെ പങ്കാളികൾ താഴെപറയുന്നവയാണ്.

1.കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി
2. ഗ്രാമപഞ്ചായത്തുകൾ
3. സഹായ സംഘടനകൾ
4. ഗുണഭോക്തൃ സമിതികൾ

മേൽപ്പറഞ്ഞവക്ക് പുറമേ മൾട്ടി ജിപി പദ്ധതികളിൽ കേരള വാട്ടർ അതോറിറ്റിയും പങ്കാളിയാണ്. ഭൂജല വകുപ്പ് പദ്ധതികൾ നേരിട്ട് നടപ്പിലാക്കുന്നു.

(സി) ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

(സി) ജലനിധിയുടെ രണ്ടാം ഘട്ടത്തിൽ ബാച്ച് 1 ൽ തെരഞ്ഞെടുത്ത 22 പഞ്ചായത്തുകളിൽ ആസൂത്രണ ഘട്ടം പൂർത്തീകരിച്ച് ഇപ്പോൾ നിർമ്മാണ ഘട്ടത്തിലാണ്. പഞ്ചായത്ത് പ്രതിനിധികൾക്കും ഗുണഭോക്താക്കൾക്കും പദ്ധതി നടത്തിപ്പിനും പരിപാലനത്തിനും ആവശ്യമായ പരിശീലന പരിപാടികൾ പദ്ധതി പ്രവർത്തന പുരോഗതിക്ക് അനുസൃതമായി നടത്തിയിട്ടുണ്ട്. ബാച്ച് രണ്ടിൽ ട്രൈബൽ പഞ്ചായത്തുകൾ ഉൾപ്പടെ 68 പഞ്ചായത്തുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 65 പഞ്ചായത്തുകളിൽ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.
ഭൂജല വകുപ്പ് വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി 57 കുഴൽ കിണർ ചെറുകിട കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 59 പദ്ധതികളുടെ പ്രവർത്തി പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ